# കാർത്തികപ്പള്ളി.എൽ.പി. സ്കൂൾ (16716)

# അക്കാദമിക  മാസ്റ്റർ പ്ലാൻ

# 2025-26

# ആമുഖം

ഒരു വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചയ്ക്ക് വേണ്ടി തയ്യാറാക്കുന്ന സമഗ്രമായ ആസൂത്രണ രേഖയാണ് അക്കാദമിക മാസ്റ്റർപ്ലാൻ കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിയും, ഇതിനായി അധ്യാപകർ, രക്ഷിതാക്കൾ, സമൂഹം എന്നിവർ ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ടതാണ്. കൂട്ടായ പരിശ്രമത്തിലൂടെ സാധ്യമാകും.ഓരോ പ്രവർത്തന പദ്ധതിയും ആസൂത്രണം ചെയ്ത് സമയബന്ധിതമായ  നടപ്പിലാക്കേണ്ടതാണ്. ഉദ്ദേശിച്ച ലക്ഷ്യം സാധ്യമാകുന്നു എന്നത് ഉറപ്പിക്കാനാവശ്യമായ സ്വയം വിലയിരുത്തലും പ്രവർത്തനപദ്ധതികളും ഇതിനോടൊപ്പം രേഖപ്പെടുത്തുന്നു. ഇപ്രകാരം രൂപപ്പെടുന്ന രേഖ പ്രാവർത്തികമാകുന്നതിനുതകുന്ന ഒരു പ്രവർത്തന കലണ്ടർ തയ്യാറാകുന്നു. ഇത്/സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്താൻ കഴിയുന്ന തരത്തിലായിരിക്കും. ഇത് മുഴുവൻ കുട്ടികളുടെയും അറിവിനെയും കഴിവിനെയും താൽപര്യത്തെയും ഉൾക്കൊള്ളുന്നതും മുന്നോട്ട് നയിക്കാനുതകുന്നതും വഴികാട്ടുന്നതുമായിരിക്കും.

## പൊതുലക്ഷ്യങ്ങൾ

സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാതു ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പുവരുത്തുക.ഓരോ ഘട്ടത്തിലെയും കുട്ടികൾ നേടേണ്ട അറിവുകളും കഴിവുകളും രക്ഷിതാക്കളെ അറിയിക്കുക.എല്ലാകുട്ടികൾക്കും മലയാളം,ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കാനും എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക. കുട്ടികളുടെ സർഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുക.ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി എല്ലാ ക്ലാസ്റൂമുകളും സ്മാർട്ട് ആക്കുക. ശാസ്ത്രകൗതുകം ഉണർത്തികൊണ്ട് ശാസ്ത്രാഭിരുചി വളർത്തുക കാമ്പസിനെ പാഠപുസ്തകവുമായി പരീക്ഷണനിരീക്ഷണപ്രവർത്തനങ്ങളിൽ ഏർപ്പെടൽ ഗണിതകേളിയിലൂടെ ഗണിതാഭിരുചി വളർത്തുക.കലാകായിക പ്രവൃത്തിപരിചയ വിദ്യാഭ്യാസത്തിന് അനുകൂലമായ ഭൗതിക സാഹചര്യം സൃഷ്ടിക്കുക.ഗ്രീൻപ്രോട്ടോകോൾ പാലിച്ച് പ്രവർത്തിക്കും. ആരോഗ്യകരമായ ഭക്ഷണം ഉറപ്പാക്കുന്നതിനാവശ്യമായ പോഷക പരിപാടി കൾ ആസൂത്രണം ചെയ്യുക. ക്ലബ് പ്രവർത്തനം മെച്ചപ്പെടുത്തി ശുചിത്വക്ലാസിലൂടെ കുട്ടികളിൽ ശുചിത്വശീലം ഉറപ്പാക്കുക. എല്ലാ കുട്ടികളെയും പഠനമികവിലേക്ക് നയിക്കാൻ ചിത്രങ്ങളുടെ സാധ്യത പ്രയോജനപ്പെടത്തക പൊതു സമൂഹത്തെ വിദ്യാലയത്തോട് കൂടുതൽ അടുപ്പിക്കുക.

# വിഷയം മലയാളം

## ആമുഖം

ഞങ്ങളുടെ വിദ്യാലയത്തിലെ 1–4 വരെയുള്ള കുട്ടികളെ മികച്ച വായനക്കാരാക്കി മാറ്റാൻ S.R.G യോഗം ചേർന്ന് തീരുമാനിച്ചു. വായനയുടെ ലോകത്തേക്ക് വായനാപരിപോഷണത്തിന് വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങൾ ഞങ്ങൾ S.R.G. P.T.A യോഗം ചേർന്ന് ആസൂത്രണം ചെയ്തു.

## ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളെയും മികച്ച വായനക്കാരാക്കുക. സർഗാത്മക രചനക്ക് കൂടുതൽ അവസരം നൽകുക.
- ചിത്രങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ആശയവിനിമയസാധ്യത പ്രയോ ജനപ്പെടുത്തൽ.
- നാടകാവതരണത്തിലുള്ള പ്രാധാന്യം നൽകുക. വായന ഒരു ശീലവും ലഹരിയുമാക്കുക
- രക്ഷിതാക്കളുടെ വായനാപ്രാധാന്യം ബോധ്യപ്പെടുത്തൽ.
- E വായനയുടെ സാധ്യതകൾ പരിചയപ്പെടുത്തുക.
- വായനയിൽ മികവു പുലർത്തുന്നവരെ ആദരിക്കൽ പുതിയ തന്ത്രങ്ങൾ ആവിഷ്ക്കരിക്കൽ.
- എഴുത്ത് വായന എന്നിവയിലെ പിന്നോക്കവസ്ഥ പരിഹരിക്കൽ.
- ഭാഷപഠനം ആസ്വാദകരമാക്കൽ, ആഹ്ലാദകരമാക്കൽ കയ്യെഴുത്ത് മാസികൾ തയ്യാറാക്കൽ.

## പ്രവർത്തനങ്ങൾ

1. അക്ഷരചിത്രങ്ങൾ അക്ഷരങ്ങൾ ഉറപ്പിക്കാൻ അക്ഷരചിത്രങ്ങൾ ഉപയോഗിക്കുന്നു
2. അക്ഷരപ്പാട്ടുകൾ പാട്ടുകളിൽ നിന്നും പഠിപ്പിക്കേണ്ട അക്ഷരം കണ്ടെത്തൽ
3. അക്ഷരക്കളികൾ പദസൂര്യൻ ഉപയോഗിച്ച് ക്ലാസിൽ അക്ഷരക്കളികൾ കളിക്കുന്നു.
4. ചിത്രത്തിന് അടിക്കുറിപ്പ് ചിത്രം നൽകി യോജിച്ച അടിക്കുറിപ്പ് തയ്യാറാക്കുന്നു. 8. അക്ഷരക്കാർഡ്
5. അക്ഷരക്കാർഡുകൾ ഉപയോഗിച്ച് വാക്കുകൾ നിർമ്മിക്കാൻ
6. ചിഹ്നങ്ങൾ ഉറപ്പിക്കൽ ചിഹ്നക്കട്ടകൾ ഉപയോഗിച്ച് അക്ഷരങ്ങൾക്ക് ചിഹ്നങ്ങൾ ചേർത്ത് ചിഹ്നങ്ങൾ ഉറപ്പിക്കൽ
7. ചിത്രങ്ങളിൽ നിന്നും വാക്യനിർമ്മാണം ചിത്രങ്ങൾ നൽകി അതിന്റെ സൂചനകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കുന്നു.
8. കഥ പൂർത്തിയാക്കൽ ചിത്രങ്ങൾ ഉൾക്കൊള്ളുന്ന കഥ നൽകി ബാക്കി ഭാഗം പൂർത്തിയാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണസംവിധാനം | അവതരണ സന്ദർഭം |
|---|---|---|---|---|
| ആഹ്ലാദപൂർണമായ വായനാനുഭവങ്ങൾ ഉറപ്പാക്കൽ വായിച്ച രചനകളെകുറിച്ച് പറയാനും എഴുതാനുമുള്ള അവസരം ഒരുക്കൽ സ്വയം വായിച്ച് കണ്ടെത്തലുകൾ നടത്തുന്നതിനുള്ള കഴിവ് വികസിപ്പിക്കൽ എല്ലാ കുട്ടികളുടെയും വീട്ടിൽ ഒരു ലൈബ്രറി ഉറപ്പാക്കൽ | പാഠപുസ്തകങ്ങൾ ടീച്ചർടെക്സ്റ്റ് എന്നിവ പരിശോധിച്ച് കുട്ടികൾക്ക് വിവിധ സന്ദർഭങ്ങളിൽ നൽകാവുന്ന പുസ്തകങ്ങൾ പട്ടികപ്പെടുത്താൽ ആവിശ്യമായ പുതിയ പുസ്തകങ്ങൾ ലഭ്യമാക്കൽ | മെയ് 2025 | എസ് ആർ ജി | |
| | കാഴ്ച പരിമിതിയുള്ള കുട്ടികൾക്ക് കൂടി സഹായമായ ശ്രവണ പാഠം തയ്യാറാക്കൽ | ജൂൺ | എസ് ആർ ജി | |
| | കുട്ടികൾക്കൊരു പുസ്തക സമ്മാനം | ജൂൺ ആദ്യവാരം | പി ടി എ | പ്രവേശനോത്സവം |
| | | ജൂലായ് 19 | ക്ലാസ് പി ടി എ | |
| | | ജൂലായ് | സ്കൂൾ പി ടി എ എസ് എം സി പൂർവിദ്യാർത്ഥി സംഘടന | |
| | | ആഗസ്റ്റ്/ സെപ്റ്റംബർ | എസ് ആർ ജി പ്രദേശിക വിദഗ്ധർ | ക്ലാസ് പി ടി എ |

# മലയാളത്തിളക്കം

വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും മികച്ച വായനക്കാരാക്കു ന്നതോടൊപ്പം മികച്ച എഴുത്തുകാരനാക്കുക എന്ന ലക്ഷ്യം നേടുന്നതിനായി പിന്നോക്കം നിൽക്കുന്നവരെ മുൻധാരയിലെത്തിക്കാൻ സ്കൂളിൽ നടത്തുന്ന മലയാളത്തിളക്കം, ശ്രദ്ധ എന്നീ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമഗ്രികൾ | ആരുടെയൊക്കെ പിന്തുണ |
|---|---|---|---|---|
| 1 എല്ലാവർക്കും എഴുത്തുംവായനയും | Pre-test പിന്നോക്കക്കാരെ കണ്ടെത്തൽ | മധ്യകാലം | ചോദ്യപ്പേപ്പർ | അധ്യാപകർ |
| വായനയുടെ വിവിധ തലത്തിൽ കുട്ടികളെ പരിശീലിപ്പിക്കൽ | അക്ഷരം ഉറപ്പിക്കൽ ചിഹ്നങ്ങൾ ഉറപ്പിക്കൽ | മധ്യകാലം | ലൈബ്രറി പുസ്തകങ്ങൾ അക്ഷരകട്ട | രക്ഷിതാക്കൾ അധ്യാപകർ<br>വിശിഷ്ട വ്യക്തികൾ |
| രക്ഷിതാക്കളെ വായനയുടെ പ്രാധാന്യവും പ്രക്രിയയും ബോധ്യമാക്കുക | ബോധവൽകരണ ക്ലാസ്സ് | | കാർഡുകൾ ചിത്രങ്ങൾ ചാർട്ട് ICT<br>I | രക്ഷിതാക്കൾ SRG |
| വായനയിൽ മികവു പുലർത്തുന്നവരെ അംഗീകരിക്കാനും ആദരിക്കാനും പൊതു തന്ത്രങ്ങൾ ആവിഷ്കരിക്കുന്നു | ICT **സാധ്യത** ചിത്ര വായന മത്സരങ്ങൾ _ സമ്മാന വിതരണം post test | മധ്യകാലം | CT ചിത്രങ്ങൾ സമ്മാനങ്ങൾ | അധ്യാപകർ |

# ENGLISH

## ആമുഖം

പൊതുവിദ്യാലയത്തിലെ കുട്ടികളുടെ കുറവിന് പ്രധാന കാരണം ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളോടുള്ള രക്ഷിതാക്കളുടെ അമിതമായ ശ്രമമാണ്. ഇതിന്റെ ഭാഗമായി ഞങ്ങളുടെ വിദ്യാലയത്തിലെ കുട്ടികളിലും കുറവ് സംഭവിച്ചിട്ടുണ്ട് എന്ന കണ്ടെത്തലിൽ നിന്ന് ഇംഗ്ലീഷ് മീഡിയം വിദ്യാലയത്തെ വെല്ലുന്ന രീതിയിലുള്ള ഇംഗ്ലീഷ് ഭാഷാപഠനം ഞങ്ങളുടെ വിദ്യാലയത്തിലും നടപ്പിലാക്കണമെന്ന് PTA, SSG, SRG ചേർന്ന് ആലോചിച്ചു. നിലവിലുള്ള പാഠപുസ്തകത്തോടൊപ്പം കുട്ടികൾക്ക് അനായാസം ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാനുള്ള അവസരം ക്ലാസ്റൂമിൽ ഉണ്ടാക്കുക. ഇതിനായി ഇംഗ്ലീഷ് അസംബ്ലി, ഗെയിംസ്, പഠനോപകരണം ICT എന്നിവ ഫലപ്രദമായി ക്ലാസ്റൂമിൽ നടപ്പിലാക്കാനാവശ്യമായ പ്രവർത്തന പരിപാടികളാണ് ആസൂത്രണം ചെയ്യുന്നത്.

## ലക്ഷ്യങ്ങൾ

- ഒന്ന് മുതൽ നാലുവരെ കുട്ടികൾക്ക് ഇംഗ്ലീഷ് പഠനത്തിൽ താൽപര്യം ജനിപ്പിക്കുക.
- പ്രീപ്രൈമറിയിൽ ഇംഗ്ലീഷ് കഥ കേൾക്കാനും പാട്ട് കേൾക്കാനും അവസരം ഒരുക്കുക
- ഒന്നാം ക്ലാസിലെ പാഠപുസ്തകങ്ങൾക്ക് പുറമെ കവിതകൾ, കഥകൾ വായിക്കാൻ പ്രാപ്തരാക്കുക.
- മൂന്നാം തരത്തിൽ സ്കിറ്റ് തെയ്യാറാക്കി അവതരിപ്പിക്കുവാൻ അവസരം ഒരുക്കൽ.

## പരിമിതികൾ

- ഇംഗ്ലീഷ് ഭാഷയോടുള്ള ഭയം
- പദ സമ്പത്തുകളുടെ അഭാവം
- ആശയവിനിമയത്തിനുള്ള അവസരം ഇല്ലായ്മ

| ലക്ഷ്യം | പ്രവർത്തനം | കാലം | സാമഗ്രികൾ | ആരുടേയൊക്കെ പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | പ്രീ ടെസ്റ്റ് | | പ്രീ ടെസ്റ്റിനായിശ്യമായ ചോദ്യപേപ്പർ | | |
| | ഇംഗ്ലീഷ് അസംബ്ലി | മധ്യകാലം | ICT ചാർട്ട് മാർക്കർ | ഇംഗ്ലീഷ് അധ്യാപകൻ , റിസോഴ്സ് ടീച്ചർ | |
| | ഇംഗ്ലീഷ് ഡെ | ദീർഘ കാലം | ചാർട്ട് കാർഡ് | ഒരോ ആഴ്ചയും ഓരോഅധ്യാപകൻ | |
| | ഇംഗ്ലീഷ് ഡയറിക്കുറിപ്പ് | ദീർഘ കാലം | നോട്ട് പുസ്തകം | | |
| | ഇംഗ്ലീഷ് ക്ലാസ്സ് ലൈബ്രറി | മധ്യകാലം | റഫറൻസ് പുസ്തകങ്ങൾ | | |
| | ഇംഗ്ലീഷ് ഫെസ്റ്റ് | മധ്യകാലം | | | |

| | | | | | |
|---|---|---|---|---|---|
| പാഠ പുസ്തകങ്ങൾ പുറമെ ചെറിയ കഥകൾ വായിക്കാൻ പ്രാപ്തരാക്കുക | English Rhymes English Games | മധ്യ കാലം | റൈഫെറൻസ് പുസ്തകങ്ങൾ ,ICT | അധ്യാപകൻ | |
| | കാർട്ടൂണുകൾ സിനിമ പ്രദർശനം | ഹ്രസ്വ കാലം | പ്രൊജക്ടർ കമ്പ്യൂട്ടർ | ഇംഗ്ലീഷ് അദ്ധ്യാപിക | 1000 |
| | കഥാ വായന | ഹ്രസ്വ കാലം | ചെറിയ പുസ്തകങ്ങൾ | ഇംഗ്ലീഷ് അദ്ധ്യാപിക | 1000 |
| | ഇംഗ്ലീഷ് സ്കിറ്റ് | ഹ്രസ്വ കാലം | സ്ക്രിപ്റ്റ് പുസ്തകങ്ങൾ | ഇംഗ്ലീഷ് അദ്ധ്യാപിക | 500 |
| | വായന കാർഡ് നിർമ്മാണം | ഹ്രസ്വ കാലം | കാർഡ് ചിത്രങ്ങൾ | അധ്യാപർ രക്ഷിതാക്കൾ പൂർവ്വ വിദ്യാർത്ഥികൾ | 200 |
| | വർക്ക് ഷീറ്റുകൾ വർക്ക് ബുക്കുകൾ വികസിപ്പിക്കുന്നതിനാവശ്യമായ ശില്പശാലകൾ | ഹ്രസ്വ കാലം | വർക്ക് ഷീറ്റുകൾ | അധ്യാപർ രക്ഷിതാക്കൾ പൂർവ്വ വിദ്യാർത്ഥികൾ | 1000 |
| | ഇംഗ്ലീഷ് ബാലസഭ | മധ്യ കാലം | | അധ്യാപകൻ | |
| | RIDDELS നിമ്മാണം അവതരണം | ഹ്രസ്വ കാലം | കാർഡുകൾ ചിത്രങ്ങൾ | അധ്യാപകൻ രക്ഷിതാക്കൾ | 200 |
| | ഇംഗ്ലീഷ് ക്വിസ് | | ക്വിസിനാവശ്യമായ ചോദ്യങ്ങൾ | അധ്യാപകൻ | |

## വിഷയം : പരിസരപഠനം

ഞങ്ങളുടെ വിദ്യാലയത്തിലെ എല്ലാ കുട്ടികളിലും ശാസ്ത്രബോധം വളർത്താനും, പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുനുമുള്ള അവസരം ഒരുക്കാനാ SRG ഏറ്റവും മികവാർന്ന പ്രവർത്തനമായി ഞങ്ങൾ തിരഞ്ഞെടുത്തത് 'ജൈവ വൈവിധ്യ ഉദ്യാനം' പാഠാനുബന്ധ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തിയിട്ടുള്ള 'ജൈവാരാമം' എന്ന പ്രവർത്തനമാണ്.

## ലക്ഷ്യങ്ങൾ

സ്കൂളിലെ എല്ലാ കുട്ടികൾക്കും പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടാനുള്ള അവസരമൊരുക്കൽ നേരിട്ട്കണ്ട് അനുഭവങ്ങളിലൂടെയുള്ള പഠനം സസ്യങ്ങൾ വർഗ്ഗീകരിക്കൽ, പ്രത്യേകത കണ്ടെ ത്തൽ, നേരിട്ട് അവസരമൊരുക്കൽ ജീവികളെ സൂഷ്മമായി നിരീക്ഷിക്കാൻ അവസരം, ജീവിതചക്രങ്ങൾ നേരിട്ട്

## കണ്ടെ ത്തിയ പരിമിതി

- ചുറ്റുപാടിനെക്കുറിച്ചുള്ള അറിവില്ലായ്മ
- സസ്യങ്ങൾ തിരിച്ചറിയാനുള്ള പ്രയാസം
- ശാസ്ത്രലേബിന്റെ അഭാവം .
- പരിസ്ഥിതി സൗഹൃദാന്തരീക്ഷത്തിന്റെ അഭാവം
- നേരിട്ടനുഭവങ്ങൾ – ഇല്ലായ്മ

# പദ്ധതി രൂപീകരണപ്രക്രിയ

പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിലും കുറിപ്പ് എഴുതൽ എന്നീ പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് നേരിട്ടുള്ള അനുഭവക്കുറവ് ഒരു പോരായ്മായി SRG കണ്ടെത്തി. ഇതനുസരിച്ച് സ്ക്കൂളിൽ ഒരു ജൈവവൈവിധ്യ പാർക്കിന് തുടക്കം കുറിച്ചു. പരിസ്ഥിതി ക്ലബിൻ്റെയും അധ്യാപകരുടേയും പിന്തുണയോടെ നടത്തുന്ന ഈ പ്രവർത്തനത്തിൽ കുട്ടികളിൽ തുടക്കം മുതൽ വളരെ നല്ല മാറ്റങ്ങളാണുണ്ടായത്. പരീക്ഷണനിരീക്ഷണങ്ങളിൽ ഏർപ്പെട്ടുവാൻ അവസരം ലഭിച്ചു ശാസ്ത്ര പഠനത്തിന് മേഖലയായ പരീക്ഷയെ നിരീക്ഷണത്തിന്റെ സൂചനകൾ കുട്ടികൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞു നമുക്ക് ചുറ്റുമുള്ള ഔഷധങ്ങളെ കുട്ടികൾക്ക് വേഗത്തിൽ തിരിച്ചറിയാൻ സാധിക്കുന്നു സ്കൂളിൽ സംഭവിക്കുന്ന ചെറിയ പരിക്കുകൾക്കും ചതവുകൾക്കും തലവേദന ചെറിയ രോഗങ്ങൾക്കും ഔഷധങ്ങൾ കുട്ടികൾ പ്രയോജനപ്പെടുത്തുന്നു

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമഗ്രികൾ | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| ഒന്ന് മുതൽ നാല് വരെയുള്ള ക്ലാസ്സുകളിലെ പരിസരപഠന പ്രവർത്തങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠന നേട്ടം ഉറപ്പിയ്ക്കുന്നതിനും പരീക്ഷണ | ജൈവമൃതം | ദീർഘകാലം | പൂക്കൾ ചെടികൾ ഔഷധങ്ങൾ ജീവികൾ കുളം മത്സ്യം പായൽ | പരിസ്ഥിതി കൺവീനർ അധ്യാപകർ കൃഷി ഓഫീസർ | 2000 |
| | സയൻസ് ലാബ് | ദീർഘകാലം | ടെസ്റ്റ്യൂബ് ബീക്കർ ഫണൽ | | 1000 |
| | ശാസ്ത്രമൂല | ദീർഘകാലം | ചിരട്ട,ഐസ്ക്രീം ചരട് കുപ്പി | അധ്യാപകർ | 500 |
| | പരീക്ഷണ നിരീക്ഷണ കുറിപ്പ് തയ്യാറാക്കൽ | | ചാർട്ട് നോട്ട്ബുക്ക്പുഴ, മുട്ടപുഴ,മുട്ട | അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| നിരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനും അവസരമൊരുക്കൽ | പ്രൊജക്ട് | ഹ്രസ്വ കാലം | പുഴു,മുട്ട,പല തരം | അധ്യാപകർ | |
| | IC T സാധ്യത ഉപയോഗിച്ച് ശാസ്ത്രപഠനം | ഹ്രസ്വ കാലം | കമ്പ്യൂട്ടർ | അധ്യാപകർ | |
| | ശാസ്ത്രമാസിക | മദ്ധ്യ കാലം | പേപ്പർ കളർ | അധ്യാപകർ കൺവീനർ | 200 |
| ഓരോ കുട്ടിക്കും ഓരോ ക്ലാസിനും അനുയോജ്യമായപഠന നേട്ടം ഉറപ്പാക്കൽ അവശ്യമായ പഠന പരിസരത്ത് നിന്നും ലഭ്യമാക്കൽ | പരിസരപഠന യാത്ര | ഹ്രസ്വ കാലം | ജൈവവൈവിധ്യ ഉദ്യാനം | | |
| | സസ്യങ്ങളുടെ വിവിധ ഭാഗങ്ങൾ പരിചയപ്പെടൽ | | | | |
| | വർഗ്ഗീകരണം, | | ഗ്ലാസ്,മണ്ണ്,ചിരട്ട | അധ്യാപകർ | |

# ഗണിതം

ഗണിതപരമായി പിന്നോക്കവസ്ഥ

അടിസ്ഥാന ആശയങ്ങൾ- ഉറപ്പിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുക.

- ചോദ്യാവലി
- പ്രീടെസ്റ്റ്
- മൂല്യനിർണ്ണയം
- എസ്.ആർ.ജി. അവതരണം
- പരിഹാരപ്രവർത്തനങ്ങൾ

## ഗണിതാസ്വാദനം

- ഗണിതപാറ്റേൺ

- സംഖ്യകൾക്കൊണ്ടൊരുചന്തം
- ചിത്രപാറ്റേൺ
- കുട്ടികൾ തയ്യാറാക്കുന്ന പാറ്റേൺ, കലണ്ടർ

**ഗണിതക്ലബ്ബ് രൂപീകരണ**

- ക്ലാസതല, സ്കൂൾതലക്ലബ്ബ് രൂപീകരണം
- ഗണിതപരിപാടികൾ- ക്ലബ് പ്രവർത്തന ഭാഗമായി ക്വിസ് മത്സരങ്ങൾ, കുസൃതികണക്കുകൾ ചിത്രശേഖരണം (ഗണിതശാസ്ത്രജ്ഞൻ)
- വിദഗ്ദരുടെ ക്ലാസുകൾ

**ഗണിതമാഗസിൻ**

ഗണിതാശയം, പ്രശ്നങ്ങൾ, പാറ്റേൺ, ഗണിതശാസ്ത്രജ്ഞരുടെ ചിത്രങ്ങൾ, ആനു കാലിക സംഭവങ്ങൾ, ഗണിതവുമായി ബന്ധപ്പെട്ട വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി സ്കൂൾ തല മാഗസിൻ

**ചിത്രനിരീക്ഷണം**

സ്കൂളിൻ്റെ പരിസരം, ജൈവവൈവിധ്യ പാർക്ക് എന്നിവ ഉപയോഗിച്ച് കുട്ടികൾക്ക് വലുത്, ചെറുത്, കൂടുതൽ, കുറവ് എന്നിവ നേരിട്ടനുഭവമൊരുക്കി കൊണ്ടുള്ള പ്രവർത്തനങ്ങൾ, പച്ചക്കറികളുടെ എണ്ണം, ചെടികളുടെ എണ്ണം, പൂക്കളുടെ എണ്ണം, ദളങ്ങളുടെ എണ്ണം)

**ഗണിതകളികൾ**

സങ്കലന വ്യവകലന ക്രിയകൾ

ഉറപ്പിക്കൽ കാർഡുകളില, ഗ്രൈസ് സ്റ്റിക്കർ ഉപയോഗിച്ചുള്ള കളികൾ, മത്സ്യവും ചൂണ്ടയും കളി, ചില്ലറമാറ്റൽ

**കച്ചവടക്കളി**

കളിനോട്ട് ഉപയോഗിച്ച് കച്ചവടക്കളി, ICT സാധ്യത ഉപയോഗിച്ച് നാണയകളി, ചില്ലറമാറ്റൽ

## സംഖ്യാബോധം ഉറപ്പിക്കൽ

അബാക്കസ്, സ്ഥാനവിലപോക്കറ്റ് എന്നിവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ, സംഖ്യാനിർമ്മാണം, ഗണിതപാട്ട്, കടങ്കഥ

## ഭാരം അളക്കൽ ഊഹിക്കൽ

ത്രാസ്, തൂക്കക്കട്ടി, അളവു പാത്രങ്ങൾ എന്നിവ ഉപയോഗിച്ച് അളക്ക

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമഗ്രികൾ | ആരുടെയൊക്കെ പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| 1-4 വരെ ക്ലാസിലെ ഗണിതപഠന പ്രവർത്തനങ്ങൾ ഫലാപ്രദമായി ചെയ്യുന്നതിനും പഠ നോട്ടം ഉറപ്പിക്കുന്നതിനും | ചിത്രനിരീക്ഷണം | ഹ്രസ്വകാലം | പൂക്കൾ,പച്ചക്കറി,ചിത്രങ്ങൾ ഐ.സി.ടി | അധ്യാപകർ രക്ഷിതാക്കൾ | 100 |
| | | മധ്യകാലം | കളിനോട്ട്നാണയങ്ങൾ, ഐസി.ടി | അധ്യാപകർ രക്ഷിതാക്കൾ | 500 |
| നാണയങ്ങളുടെയും നോട്ടുകളുടെയും മൂല്യം തിരിച്ചറിയാൻ നിത്യജീവിതവുമായി ബന്ധപ്പെട്ട ഗണിതാപ്രശ്നങ്ങൾ പരിഹരിക്കൽ | | മധ്യകാലം | അബാക്കസ് സ്ഥാനവില ഷോക്കറ്റ് | അധ്യാപകർ രക്ഷിതാക്കൾ | |
| | കച്ചവടക്കളി | | കമ്പ്കെട്ട്,സ്ട്രോ | | 250 |
| | സംഖ്യനിർമ്മാണം | ഹ്രസ്വകാലം | | അധ്യാപകർ | |
| | രൂപങ്ങൾപരിചയപ്പെടൽ (ഐ.സി.ടിസാധ്യത) | | ഐ.സി.ടി ടാൻഗ്രാം | | 100 |